## അഞ്ച് തൊഴിലാളികളുള്ള സ്ഥാപനം ഇ.എസ്.ഐ. വിഹിതം അടയ്ക്കണമെന്ന ഉത്തരവ് റദ്ദാക്കി മദ്രാസ് ഹൈക്കോടതി

C.M.A. No. 3586/2010 Dt. 25.7.2018

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പ്

x

ശ്രീ വെങ്കടേശ എഞ്ചിനീയറിങ് വർക്ക്സ്

ചെറുകിട വ്യവസായ സ്ഥാപനമാണ് ശ്രീ വെങ്കടേശ എഞ്ചിനീയറിങ് വർക്ക്സ്. 1984-ലാണ് സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. നാലോ അഞ്ചോ തൊഴിലാളികൾ മാത്രമാണ് നിയമിക്കപ്പെട്ടത്. പ്രവർത്തനം തുടങ്ങി അധികം താമസിയാതെ തന്നെ അത് പീഡിത വ്യവസായ യൂണിറ്റായിത്തീർന്നു. അതിനാൽ പലപ്പോഴും സ്ഥാപനം അടഞ്ഞുകിടക്കുകയായിരുന്നു. അങ്ങനെയിരിക്കെ 1988-ൽ സ്ഥാപനം പുനരുദ്ധരിക്കപ്പെട്ടു. തൊഴിലാളികളുടെ എണ്ണം പത്തായി വർദ്ധിച്ചു. അപ്പോൾ തന്നെ സ്ഥാപനത്തിൽ ഇ.എസ്.ഐ. നിയമം ബാധകമാക്കുകയും കൃത്യമായി വിഹിതമടയ്ക്കുകയും ചെയ്തു. തുടർന്നും വിഹിതമടയ്ക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയില്ല. പിറ്റെ വർഷം, അതായത്, 1989-ൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് വെള്ളപ്പൊക്കമുണ്ടായി. സ്ഥാപനത്തിലെ രേഖകളും രജിസ്റ്ററുകളും മറ്റും നശിച്ചുപോയി. സ്ഥാപനം ഇൻഷുർ ചെയ്തിരുന്നതിനാൽ, നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് കമ്പനി സ്ഥാപനത്തിന് നഷ്ടപരിഹാരം നല്കി. രണ്ട് വർഷം കഴിഞ്ഞപ്പോൾ ഇ.എസ്.ഐ. അധികൃതർ സ്ഥാപനത്തിൽ പരിശോധന നടത്തി. 1984 മുതൽ 1988 വരെയുള്ള കാലയളവിൽ സ്ഥാപനത്തിൽ ഇരുപത്തിയഞ്ച് തൊഴിലാളികൾ ജോലി ചെയ്തിരുന്നുവെന്ന് ഇ.എസ്.ഐ. ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, വിട്ടുപോയ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്താൻ ഇ.എസ്.ഐ. ഡയറക്ടർ തീരുമാനിച്ചു. സ്ഥാപനത്തിന്റെ തടസ്സവാദങ്ങൾ അവഗണിച്ച ഡയറക്ടർ 1984-'88 കാലയളവിലെ വിഹിതമായി 44,688 രൂപ സ്ഥാപനം അടയ്ക്കണമെന്ന് ഉത്തരവിട്ടു. മാത്രമല്ല പണം ബലമായി വസൂലാക്കുന്നതിനുള്ള നടപടികളും ഡയറക്ടർ ആരംഭിച്ചു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. 1984-'88 കാലയളവിൽ പത്തോ അതിലധികമോ തൊഴിലാളികൾ സ്ഥാപനത്തിൽ ജോലി ചെയ്തിട്ടില്ലെന്ന് സ്ഥാപനം വ്യക്തമാക്കുകയും അത് സമർത്ഥിക്കുന്നതിനു വേണ്ടി അവശേഷിച്ച രേഖകൾ, അതായത്, സ്ഥാപനത്തിന്റെ ഇൻഷുറൻസ് പോളിസി, ബാലൻസ് ഷീറ്റ് എന്നിവ സ്ഥാപനം കോടതിയിൽ ഹാജരാക്കുകയും ചെയ്തു. 1984-'88 കാലയളവിൽ 25 തൊഴിലാളികൾ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നു എന്നു കാണിക്കാൻ യാതൊരു രേഖയും ഇ.എസ്.ഐ. കോർപ്പറേഷൻ ഹാജരാക്കിയില്ല. 1984-'88 കാലയളവിൽ സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമല്ലായിരുന്നുവെന്ന് വിലയിരുത്തിയ എംപ്ലോയീസ് ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. ഡയറക്ടറുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഹാജർ പുസ്തകം, വേതന രജിസ്റ്റർ, ജനറൽ രജിസ്റ്റർ എന്നിവയൊന്നും സ്ഥാപനം പരിശോധനയ്ക്ക് ഹാജരാക്കിയില്ലെന്നും പരിശോധന സമയം സ്ഥാപനത്തിൽ 25 പേർ കാണപ്പെട്ടുവെന്നും ഇ.എസ്.ഐ. കോർപ്പറേഷൻ ചൂണ്ടിക്കാട്ടി. ബന്ധപ്പെട്ട പ്രസക്ത രേഖകൾ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതുകൊണ്ടാണ് അവ ഹാജരാക്കാൻ സാധിക്കാതിരുന്നതെന്ന് സ്ഥാപനം വാദിച്ചു. 1984-'88 കാലയളവിൽ 25 തൊഴിലാളികൾ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നുവെന്ന് തെളിയിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷന് സാധിച്ചിട്ടില്ലെന്നും ആ കാലയളവിൽ അഞ്ച് പേർ മാത്രമേ ജോലി ചെയ്തിട്ടുള്ളുവെന്ന് ബാലൻസ് ഷീറ്റ്, ഇൻഷുറൻസ് പോളിസി എന്നിവയിൽ നിന്ന് തെളിഞ്ഞിട്ടുണ്ടെന്നും കണ്ട ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും ഇ.എസ്.ഐ. കോർപ്പറേഷന്റെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.